പൂരിപ്പിച്ച അപേക്ഷകൾ ഐ.എച്ച്.ആർ.ഡി.-യുടെ ഹെഡ്ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി: 30-6-2004 ആയിരുന്നു.

(ബി) ഇതേ ഒഴിവുകളിലേക്ക് 2001 നവംബറിൽ അപേക്ഷകൾ ക്ഷണിച്ചിരുന്നു. ടി നോട്ടിഫിക്കേഷൻ പ്രകാരം, നിയമനത്തിന് അപേക്ഷ അയച്ചവർ വീണ്ടും അപേക്ഷ അയക്കേണ്ടതില്ലെന്നും അവരുടെ അപേക്ഷകൾ പുതുതായി ലഭിക്കുന്ന അപേക്ഷകളോടൊപ്പം പരിഗണിക്കുമെന്നും തീരുമാനിച്ചിട്ടുണ്ട്.

(സി) അപേക്ഷകരിൽ നിന്നും അപേക്ഷാ ഫോറത്തിന്റെ വിലയായും അപേക്ഷാഫീസിനത്തിലും ഐ.എച്ച്.ആർ.ഡി.-ക്ക് ലഭിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

2001-ലെ അപേക്ഷാ ഫോറത്തിന്റെ വില	. .	2,35,715	രൂപ
2001-ലെ അപേക്ഷാഫീസ്	. .	6,56,805	,,
2004-ലെ അപേക്ഷാ ഫോറത്തിന്റെ വില	. .	2,02,905	,,
2004-ലെ അപേക്ഷാഫീസ്	. .	6,40,000	,,

(താൽക്കാലിക കണക്ക്)

ഐ. എച്ച്. ആർ. ഡി.-യുടെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും തസ്തികകളും

136 [ടി546] ശ്രീ. അടൂർ പ്രകാശ്:

,, കെ. മോഹൻകുമാർ:

,, കെ. സി. വേണുഗോപാൽ:

ശ്രീമതി മാദേത്ത് സരളാദേവി:

ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ എത്ര സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുണ്ട്;

(ബി) ഈ വർഷം അതിന്റെ കീഴിൽ പുതുതായി എത്ര കോളേജുകൾ ആരംഭിക്കുന്നുണ്ട്;

(സി) ഇവയിലെല്ലാം വേണ്ടത്ര അദ്ധ്യാപകരുണ്ടോ;

(ഡി) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഫസർ എന്നീ തസ്തികകളിലുള്ള സാങ്ഷൻഡ് പോസ്റ്റുകളുടെ എണ്ണമെത്രയാണ്;

(ഇ) അവരിൽ എത്ര സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത തസ്തികകളിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ട്;

(ജി) ഈ ഒഴിവുകൾ നികത്താത്തതെന്തുകൊണ്ടാണ്;

(എച്ച്) അതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ഐ) ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള മാനദണ്ഡമെന്താണ്;

(ജെ) ഈ കോളേജുകളിൽ പ്രസ്തുത തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതിന്റെ പേരിൽ എ.ഐ.സി.റ്റി.ഇ. എന്തെങ്കിലും നിരീക്ഷണം നടത്തിയിട്ടുണ്ടോ;

(കെ) എങ്കിൽ വിശദാംശം നൽകുമോ;

(എൽ) തസ്തിക ഒഴിഞ്ഞുകിടക്കുന്നതിന്റെയും എ.ഐ.സി.റ്റി.ഇ.-യുടെ നിരീക്ഷണത്തിന്റെയും ഫലമായി കോളേജുകളുടെ അംഗീകാരം നഷ്ടപ്പെടുവാനിടയുണ്ടോ;

(എം) നിലവിലുള്ള ഒഴിവുകൾ നികത്താതെയും ആവശ്യാനുസരണം തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താതെയും പുതിയ കോളേജുകൾ തുടങ്ങുന്നത് പ്രശ്നങ്ങൾ ഉണ്ടാക്കുമെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) അഞ്ച്.

(ബി) നാല്.

(സി) നിലവിലുള്ള കോളേജുകളിൽ ഏതാനും ഉയർന്ന തസ്തികകളിൽ ഒഴികെ അദ്ധ്യയനത്തിന് ആവശ്യമായ അദ്ധ്യാപകർ ഉണ്ട്.

(ഡി) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 46-ഉം, പ്രൊഫസർ തസ്തികയിൽ 8-ഉം വീതം സാങ്ഷനഡ് പോസ്റ്റുകളുണ്ട്.

(ഇ) പ്രൊഫസർ തസ്തികയിൽ 2-ഉം, അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 5-ഉം സ്ഥിരം ജീവനക്കാരുണ്ട്. കൂടാതെ ഓരാളെ വീതം, പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ, സർക്കാർ സർവ്വീസിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

(എഫ്) പ്രൊഫസർ തസ്തികകളിൽ 5-ഉം, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ 40-ഉം വീതം ഒഴിവുകളുണ്ട്.

(ജി) നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവം നിമിത്തമാണ് ഒഴിവുകൾ നികത്തുവാൻ കഴിയാത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ടി തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുവേണ്ടി, പത്രവാരാ പരസ്യം പുറപ്പെടുവിച്ചിരുന്നു. അതിൻപ്രകാരം, ലഭിച്ച നിശ്ചിത യോഗ്യതയുള്ള ഏതാനും പേരെ പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിൽ നിയമിച്ചിട്ടുണ്ട്. എ.ഐ.സി.റ്റി.ഇ.-യുടെ നിബന്ധനകൾക്കനുസരിച്ച് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾക്കുള്ള യോഗ്യതയും നിയമനരീതിയും പുനർ നിർണ്ണയം ചെയ്ത് 1-3-2004-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് സംബന്ധിച്ച് ഐ.എച്ച്.ആർ.ഡി. ജീവനക്കാരുടെ സംഘടനകളിൽ നിന്നും പരാതികൾ ലഭിച്ചിരിക്കുന്നതിനാൽ, അതിൻമേൽ തീരുമാനം എടുത്ത ശേഷം, ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഐ) ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നിശ്ചയിച്ചിട്ടുള്ള യോഗ്യതയും നിയമനരീതിയുമാണ് ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള മാനദണ്ഡം.

(ജെ) അദ്ധ്യാപകരുടെ തസ്തികകളിൽ ഉള്ള ഒഴിവുകൾ നികത്തണമെന്ന് എ.ഐ.സി.റ്റി.ഇ. നിർദ്ദേശിച്ചിട്ടുണ്ട്.

(കെ) കുറവുള്ള തസ്തികകൾ സംബന്ധിച്ച് എ.ഐ.സി.റ്റി.ഇ.-യുടെ നിരീക്ഷണത്തിന്റെ റിപ്പോർട്ടിന്റെ പകർപ്പ് ചുവടെ ചേർക്കുന്നു:

എറണാകുളം മോഡൽ എഞ്ചിനീയറിംഗ് കോളേജ്

അസിസ്റ്റന്റ് പ്രൊഫസർ	.. 14
പ്രൊഫസർ	.. 6

ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജ്

പ്രൊഫസർ	.. 6

അടൂർ എഞ്ചിനീയറിംഗ് കോളേജ്

അസിസ്റ്റന്റ് പ്രൊഫസർ	.. 17
പ്രൊഫസർ	.. 7

കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജ്

അസിസ്റ്റന്റ് പ്രൊഫസർ	.. 6
പ്രൊഫസർ	.. 3

പുഞ്ചാർ എഞ്ചിനീയറിംഗ് കോളേജ്

അസിസ്റ്റന്റ് പ്രൊഫസർ	.. 8
പ്രൊഫസർ	.. 5

LIBRARY ARCHIVES Kerala Legislative Assembly

(എൽ) ഇല്ല.

(എം) നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം നികത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതിനാൽ, പുതിയ കോളേജുകൾ തുടങ്ങുന്നതിന് പ്രശ്നങ്ങൾ ഉണ്ടാവുമെന്ന് കരുതുന്നില്ല.

മൂട്ടട ഐ.എച്ച്.ആർ.ഡി. ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂൾ കെട്ടിട നിർമ്മാണം

137 [1547] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് മൂട്ടടയിൽ ഐ.എച്ച്.ആർ.ഡി. ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തിയത് എന്നാണെന്ന് അറിയിക്കുമോ;

(സി) കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ചുമതല ഏത് ഏജൻസിക്കാണ് നൽകിയതെന്ന് അറിയിക്കാമോ;

(ഇ) പുതിയ കെട്ടിടനിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 3-6-2003-ന്

(സി) കെട്ടിട നിർമ്മാണത്തിന് ടെണ്ടർ ക്ഷണിച്ചു. ഏറ്റവും താഴ്ന്ന ടെണ്ടർ പരിഗണിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ബി.എസ്.എൻ.എൽ.-നാണ് നൽകിയിരിക്കുന്നത്.

(ഇ) ബി.എസ്.എൻ.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ നിന്നും പിരിച്ചുവിട്ട ജീവനക്കാരെ തിരിച്ചെടുക്കാൻ നടപടി

138 [1548] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാരെ തിരിച്ചെടുക്കുന്നതു സംബന്ധിച്ച് സംഘടനാ നേതാക്കളുമായി 21-10-2002-ൽ നടത്തിയ ഒത്തുതീർപ്പ് വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly